നാടാർ ഉദ്യോഗാർത്ഥികൾക്ക് സംവരണം നിഷേധിക്കരുത്

തിരുവനന്തപുരം: തമിഴ്നാട്ടിൽ നിന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയ നാടാർ സമുദായ അംഗങ്ങൾക്ക് നോൺക്രിമിലെയർ സർട്ടിഫിക്കറ്റ് നിഷേധിക്കരുതെന്ന് നാടാർ മഹാജനസംഘം സംസ്ഥാന ജനറൽ കൗൺസിൽ യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് സ്ഥിരതാമസമാക്കിയ പിന്നാക്ക വിഭാഗക്കാർക്ക് സർട്ടിഫിക്കറ്റ് നൽകണമെന്ന് കേന്ദ്രസർക്കാരിന്റെ ഉത്തരവുണ്ട്. എന്നിട്ടും റവന്യൂ ഉദ്യോഗസ്ഥർ വിമുഖത കാട്ടുന്നു. ഉദ്യോഗസ്ഥർക്ക് സർക്കാർ വ്യക്തമായ നിർദ്ദേശം നൽകണമെന്ന് യോഗം ആവശ്യപ്പെട്ടു. എ.എസ്. അഹിമോഹനൻ അദ്ധ്യക്ഷനായി. എം.പി. അപ്പുരാജൻ നാടാർ ഉദ്ഘാടനം ചെയ്തു.

ശില്പശാല 23ന്

തിരുവനന്തപുരം: പതിമ്മൂന്നാം പദ്ധതി, ജനകീയാസൂത്രണം രണ്ടാം ഘട്ടം എന്നിവയുടെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ 15 വിഷയ മേഖലാ വർക്കിംഗ് ഗ്രൂപ്പുകൾക്കായി 23ന് ശില്പശാല നടത്തും. പട്ടത്തെ ജില്ലാ പഞ്ചായത്ത് ഓഫീസ് കോൺഫറൻസ് ഹാളിലാണ് ശില്പശാല. പ്രസിഡന്റ് വി.കെ. മധു അദ്ധ്യക്ഷത വഹിക്കും. മന്ത്രിമാരായ തോമസ് ഐസക്, സി. രവീന്ദ്രനാഥ്, സംസ്ഥാന ആസൂത്രണ സമിതിയംഗം ഡോ. കെ.എൻ. ഹരിലാൽ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈലജാ ബീഗം, ജില്ലാ പഞ്ചായത്തംഗങ്ങളായ ബി.പി. മുരളി, വി. രഞ്ജിത്ത്, ഗീതാ രാജഗോപാൽ, എസ്.കെ. പ്രീജ, ആനാട് ജയൻ, ലതകുമാരി തുടങ്ങിയവർ പങ്കെടുക്കും.

സെമിനാർ

തിരുവനന്തപുരം: അണ്ടർ ദി ഗ്രീൻ വുഡ് ട്രീ ഇംഗ്ലീഷ് ക്ലബിന്റെ പ്രതിമാസ സെമിനാർ 23ന് വൈകിട്ട് അഞ്ചിന് വഴുതക്കാട് ഡിപ്പാർട്ട്മെന്റ് ഒഫ് മ്യൂസിക് ഹാളിൽ നടക്കും. ക്ലബ് പ്രസിഡന്റ് പ്രൊഫ. കെ.പി. സുശീലന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ പ്രൊഫ. ഡോ. ബി.എസ്. ജമുന 'റപ്രസന്റേഷൻ ഒഫ് സബ്ആൾട്ടർനിറ്റി' എന്ന വിഷയം അവതരിപ്പിക്കും. ക്ലബ് വൈസ് പ്രസിഡന്റ് ആർ.കെ. മോഹനൻ, ക്ലബ് സെക്രട്ടറി ഒ.പി. വിശ്വനാഥൻ തുടങ്ങിയവർ പങ്കെടുക്കും.

നാളെ ജലദിനം; സ്കൂളുകളിൽ പ്രതിജ്ഞ

തിരുവനന്തപുരം: ലോക ജലദിനമായ നാളെ സ്കൂളുകളിൽ ജലസംരക്ഷണ പ്രതിജ്ഞയെടുക്കും. കുടിവെള്ളത്തിന് കടുത്ത ക്ഷാമം നേരിടുന്ന സാഹചര്യത്തിലാണ് കുട്ടികളെ ബോധവത്കരിക്കുന്നതിനായി പ്രതിജ്ഞയെടുക്കുന്നത്.

ശിവഗിരി മഠവും യോഗവും ഒരുമിക്കുന്നത് സ്വാഗതാർഹം

നെടുമങ്ങാട്: ശിവഗിരി മഠവും എസ്.എൻ.ഡി.പി യോഗവും എസ്.എൻ ട്രസ്റ്റും ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ വെള്ളാപ്പള്ളി നടേശൻ നടത്തുന്ന ശ്രമങ്ങൾക്ക് ശ്രീനാരായണ സമൂഹത്തിന്റെ വലിയ പിന്തുണയുണ്ടെന്ന് ശിവഗിരി ആക്ഷൻ കൗൺസിൽ സ്ഥാപക നേതാവും മുൻ യോഗം കൗൺസിലറുമായ കെ.എ. ബാഹുലേയൻ പറഞ്ഞു.

എസ്.എൻ.ഡി.പി യോഗത്തോട് വളരെ അടുപ്പമുള്ള സന്യാസി വര്യനാണ് സ്വാമി വിശുദ്ധാനന്ദ. അദ്ദേഹം തുടങ്ങി വച്ചതൊക്കെ ആത്മീയ ശോഭയോടെ നിലനിൽക്കുന്നു. ശിവഗിരി മഠത്തിനെതിരെ കേസുമായി മുന്നോട്ടു പോകാനുള്ള ചിലരുടെ ശ്രമങ്ങൾ ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ ഐക്യമെന്ന വെള്ളാപ്പള്ളിയുടെയും സ്വാമി വിശുദ്ധാനന്ദയുടെയും ആഗ്രഹങ്ങൾക്ക് വിലങ്ങുതടിയാവും. ശിവഗിരിയുടെ ശാന്തിക്കും ഭക്തിനിർഭരതയ്ക്കും ഭംഗം വരുത്തുന്നതൊന്നും സംഭവിക്കാൻ പാടില്ലെന്ന് വെള്ളാപ്പള്ളി യോഗനാദത്തിലെഴുതിയ മുഖപ്രസംഗത്തിന്റെ അർത്ഥം മനസിലാക്കി എല്ലാ വ്യവഹാരങ്ങളും അവസാനിപ്പിക്കാൻ ബന്ധപ്പെട്ടവർ തയ്യാറാകണമെന്നും ബാഹുലേയൻ പറഞ്ഞു.

മഴക്കുഴി നിർമ്മിക്കുന്നു

ആറ്റിങ്ങൽ: ലോക ജലദിനമായ മാർച്ച് 22ന് വാട്ടർ അതോറിട്ടി 'നീരുറവ്' പദ്ധതി നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി ആറ്റിങ്ങൽ ഡിവിഷന് കീഴിലുള്ള കുടിവെള്ള പദ്ധതികളിലെ തുറസായ കിണറുകൾക്ക് സമീപവും ഇടവ, വെന്നിക്കോട്, വെട്ടൂർ, തോട്ടുമുഖം, ശാർക്കര, കടകം എന്നി പദ്ധതികളുടെ സമീപത്തും മഴക്കുഴികൾ നിർമ്മിക്കുന്നു. വീടുകളിലെ കിണറുകൾക്ക് സമീപവും മഴക്കിണറുകൾ നിർമ്മിക്കണമെന്ന് വാട്ടർ അതോറിട്ടി അറിയിച്ചു.

മെഗാ ആയുർവേദ ക്യാമ്പ്

കണിയാപുരം : കേരള സഹൃദയ വേദിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ആയുർവേദ കോളേജ് പി.ടി.എയുടെയും വാഫി വിദ്യാർത്ഥി സംഘടനയുടെയും സഹകരണത്തോടെ കണിയാപുരം പള്ളിനട എൻ.ഐ. കോംപ്ലക്സിൽ മെഗാ ആയുർവേദ ക്യാമ്പ് സംഘടിപ്പിക്കുന്നു. 26ന് രാവിലെ 8.30 മുതൽ വൈകിട്ട് മൂന്നുവരെ നടക്കുന്ന ക്യാമ്പിന് ആയുർവേദ കോളേജിലെ അസോസിയേറ്റഡ് പ്രൊഫസറും ആർ.എം.ഒയുമായ ഡോ. എസ്. ഗോപകുമാർ നേതൃത്വം നൽകും.

സന്ധിരോഗങ്ങൾ, ത്വക്ക്, ഉദരം, പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ എന്നിവയ്ക്കുള്ള ചികിത്സാനിർദ്ദേശങ്ങളും മരുന്നുകളും നൽകും. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 24ന് രാവിലെ മുതൽ എൻ.ഐ കോംപ്ലക്സിന് മുമ്പിലുള്ള കൗണ്ടറിൽ പേര് രജിസ്റ്റർ ചെയ്ത് കൂപ്പൺ കരസ്ഥമാക്കണമെന്ന് വേദി പ്രസിഡന്റ് ചാന്നാങ്കര എം.പി. കുഞ്ഞ് അറിയിച്ചു.

പരാതി നൽകിയിട്ടും പരിഹാരം കണ്ടില്ല; ഒടുവിൽ വൃദ്ധന്റെ വീട് തകർന്നു വീണു

വെള്ളറട: പരാതി നൽകിയിട്ടും പരിഹാരം കാണാത്തതിനെത്തുടർന്ന് വൃദ്ധന്റെ വീട് തകർന്നു വീണു. വെള്ളറട ഗ്രാമപഞ്ചായത്തിലെ മീതി വാർഡിൽ ആലത്തുവിളാകം വീട്ടിൽ പക്ഷാഘാതം ബാധിച്ച് കിടക്കുന്ന ഗണേശപ്പണിക്കരുടെ വീടിന്റെ അടുക്കള ഭാഗത്തെ മേൽക്കൂരയാണ് വെള്ളിയാഴ്ച രാവിലെ 9 മണിയോടെ തകർന്നു വീണത്. അടുക്കളയിൽ നിന്ന ഗണേശപ്പണിക്കരുടെ ഭാര്യ അദ്ഭുതകരമായി രക്ഷപ്പെട്ടു.

അടുത്തുള്ള പുരയിടത്തിലെ വൃക്ഷത്തിന്റെ ശിഖരങ്ങൾ വീടിന് മുകളിൽ ഒടിഞ്ഞു വീണ് വീട് അപകടാവസ്ഥയിലാണെന്ന് കാണിച്ച് പഞ്ചായത്ത് അധികൃതർക്ക് പരാതി നൽകിയിരുന്നു. മാസങ്ങൾ കഴിഞ്ഞിട്ടും നടപടിയുണ്ടായില്ല. ഇതിനിടയിലാണ് ശക്തമായ വേനൽ മഴ പെയ്തത്. വേനൽമഴയിൽ വെള്ളം വീട്ടിനുള്ളിൽ കയറിയാണ് വീട് തകർന്നതെന്നും പറയുന്നു.

2016 ജൂലായിലാണ് സമീപത്തെ വസ്തുവിലെ മരങ്ങൾ വീടിനു മുകളിൽ നിൽക്കുന്നത് മുറിച്ചുമാറ്റാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകിയതെന്ന് ഗണേശപ്പണിക്കർ പറഞ്ഞു. വീട് ഇടിഞ്ഞു വീണിട്ടും അധികൃതർ ഇതുവരെ തിരിഞ്ഞുനോക്കിയിട്ടില്ല. ഹൃദയരോഗിയായ ഭാര്യയും ഗണേശപ്പണിക്കരും മാത്രമാണ് വീട്ടിലെ താമസക്കാർ.

ഗണേശപ്പണിക്കരുടെ വീട് തകർന്ന നിലയിൽ

എസ്.എൻ ട്രസ്റ്റ് വർക്കല റീജിയൺ സമ്പൂർണ സമ്മേളനം

വർക്കല: എസ്.എൻ ട്രസ്റ്റ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വർക്കല റീജിയണിലെ സമ്പൂർണ സമ്മേളനം എസ്.എൻ.ഡി.പി യോഗം ശിവഗിരി യൂണിയന്റെ നേതൃത്വത്തിൽ മാർച്ച് 27 വൈകിട്ട് 3.30ന് മൈതാനം യു.ഡി ഓഡിറ്റോറിയത്തിൽ എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഉദ്ഘാടനം ചെയ്യും. യൂണിയൻ പ്രസിഡന്റ് കല്ലമ്പലം നകുലൻ അദ്ധ്യക്ഷത വഹിക്കും. യൂണിയൻ സെക്രട്ടറി അജി എസ്.ആർ.എം, ട്രസ്റ്റ് ലൈഫ് മെമ്പർ എം. രാജീവൻ, യോഗം ഡയറക്ടർ വി. ശശിധരൻ, വനിതാസംഘം പ്രസിഡന്റ് രാധാബാബു, യൂത്ത് മൂവ്മെന്റ് യൂണിയൻ കൺവീനർ രജനു പനയറ എന്നിവർ സംസാരിക്കും.

കുടുംബശ്രീ ഉത്പന്നത്തിൽ ചത്ത പല്ലിയെന്ന് പരാതി

മലയിൻകീഴ് : കുഞ്ഞിന് നൽകാൻ അംഗൻവാടിയിൽ നിന്ന് ലഭിച്ച പൊടിയിൽ ചത്ത പല്ലിയെന്ന് പരാതി. അന്തിയൂർക്കോണം വാഴവിള പുത്തൻ വീട്ടിൽ ഉഷയാണ് അംഗൻവാടിയിലും മലയിൻകീഴ് ആരോഗ്യവകുപ്പിലും പരാതി നൽകിയത്. അന്തിയൂർക്കോണം അംഗൻവാടിയിൽ നിന്ന് കുട്ടികൾക്ക് സൗജന്യമായി നൽകുന്ന കുടുംബശ്രീ ഉത്പന്ന പോഷകാഹാര പൊടിയിലാണ് പല്ലി കിടന്നത്. മൂന്ന് മാസത്തേക്ക് ആറ് പാക്കറ്റ് പൊടിയാണ് അംഗൻവാടിയിൽ നിന്ന് ലഭിക്കുന്നത്. ഞായറാഴ്ച കുഞ്ഞിന് പൊടി നൽകുന്നതിനായി പാത്രത്തിലിട്ട് ഇളക്കിയപ്പോൾ എന്തോ കൈയിൽ തടഞ്ഞിരുന്നു. ചത്തപല്ലിയാണെന്ന് ബോദ്ധ്യപ്പെട്ടതോടെ ഉടൻ അംഗൻവാടി അധികൃതരെ വിവരമറിയിച്ചു. ഇന്നലെയാണ് പരാതി നൽകിയത്. വൈകിട്ടോടെ ഹെൽത്തിൽ പരാതി നൽകിയെങ്കിലും ആരും തിരിഞ്ഞ് നോക്കിയില്ലെന്ന് വീട്ടമ്മ പറയുന്നു. 2017 ജനുവരി 27നാണ പൊടി പാക്ക് ചെയ്തത്.

പോഷകാഹാര പൊടിയിൽ കണ്ടെത്തിയ ചത്ത പല്ലി

വെള്ളായണി ക്ഷേത്രപരിസരത്തെ കൊടികൾ പൊലീസ് നീക്കം ചെയ്തു

■പ്രതിഷേധവുമായി ബി.ജെ.പിയെത്തിയത് സംഘർഷാവസ്ഥയ്ക്കിടയാക്കി

തിരുവനന്തപുരം: വെള്ളായണി ക്ഷേത്രോത്സവത്തോടനുബന്ധിച്ച് നേമം ജംഗ്ഷൻ മുതൽ ക്ഷേത്രംവരെ സ്ഥാപിച്ചിരുന്ന കൊടികൾ നീക്കം ചെയ്യാൻ പൊലീസ് നടത്തിയ ഇടപെടലിനെതിരെ ബി.ജെ.പി പ്രതിഷേധ പ്രകടനം നടത്തി. ക്ഷേത്രത്തിലേക്കുള്ള വഴിയിലും മൈതാനത്തും കാവിക്കൊടി കെട്ടിയതിനെ പ്രതിരോധിക്കാൻ സി.പി.എം ചെങ്കൊടികൾ കെട്ടിയതാണ് സംഘർഷത്തിലേക്ക് നയിച്ചത്.

ഇതേത്തുടർന്ന് കഴിഞ്ഞദിവസം കളക്ടർ ഇടപെട്ട് എല്ലാ കൊടികളും നീക്കം ചെയ്യാൻ പൊലീസിന് നിർദ്ദേശം നൽകി. ഇന്നലെ വൈകിട്ട് സായുധസന്നാഹങ്ങളുമായെത്തിയ പൊലീസ് സംഘം നേമം മുതൽ വെള്ളായണി വരെയുള്ള റോഡുകളിൽ നിന്ന് കാവിക്കൊടികളും ചെങ്കൊടികളും നീക്കം ചെയ്തു. ക്ഷേത്രപരിസരത്തെ കൊടികൾ മാറ്റാനുള്ള ശ്രമം ബി.ജെ.പി പ്രവർത്തകർ തടയാൻ ശ്രമിച്ചെങ്കിലും പൊലീസ് മുഴുവൻ കൊടികളും നീക്കി. ഇതറിഞ്ഞ് ഒ. രാജഗോപാൽ എം.എൽ.എ സ്ഥലത്തെത്തി പൊലീസുകാരോട് സംസാരിച്ചെങ്കിലും കളക്ടറുടെ ഉത്തരവ് പാലിക്കും എന്ന നിലപാടിൽ പൊലീസ് ഉറച്ചു നിന്നു. ഇതേത്തുടർന്ന് ബി.ജെ.പി പ്രവർത്തകർ വെള്ളായണി ക്ഷേത്രപരിസരത്തുനിന്ന് നേമം ജംഗ്ഷനിലേക്ക് വൻ പ്രതിഷേധപ്രകടനം നടത്തി. പ്രതിഷേധയോഗം ഒ. രാജഗോപാൽ എം.എൽ.എ ഉദ്ഘാടനം ചെയ്തു. സ്ഥലത്ത് രാത്രി വൈകിയും പൊലീസ് സന്നാഹം നിലയുറപ്പിച്ചിരുന്നു.

നേമം പോലീസ് സ്റ്റേഷനിലേക്ക് നടന്ന മാർച്ചും ഉപരോധവും

തെക്കൻകുരിശുമല തീർത്ഥാടനത്തിന് ഒരുക്കങ്ങളായി

തിരുവനന്തപുരം: വജ്രജൂബിലി പ്രമാണിച്ച് ഇത്തവണത്തെ തെക്കൻകുരിശുമല തീർത്ഥാടനത്തിന് വിപുലമായ ഒരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് തീർത്ഥാടന കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു. 26ന് രാവിലെ 10ന് കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ നെയ്യാറ്റിൻകര ബിഷപ്പ് ഹൗസിൽ നിന്ന് കുരിശുമലയിലേക്ക് തീർത്ഥാടന പതാക പ്രയാണവും ഇരുചക്രവാഹന റാലിയും നടക്കും. ഉച്ചയ്ക്ക് ഒന്നിനു വെള്ളറട മുതൽ കുരിശുമല വരെ വജ്രജൂബിലി സാംസ്കാരിക ഘോഷയാത്ര. രണ്ടിന് ആനപ്പാറ ഫാത്തിമമാതാ കുരിശടിയിൽ നിന്ന് കുരിശുമലയിലേക്ക് പതാക പ്രദക്ഷിണം. 27ന് വൈകിട്ട് ആറരയ്ക്ക് ഫാ. ജോൺ ബാപ്പ്ടിസ്റ്റ് അനുസ്മരണ സമ്മേളനം സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ബിഷപ് സിൽവസ്റ്റർ പൊന്നുമുത്തൻ അദ്ധ്യക്ഷത വഹിക്കും. മന്ത്രി കെ.ടി. ജലീൽ മുഖ്യ സന്ദേശം നൽകും.

ബി.സി.സികളിൽ നിന്നു തിരഞ്ഞെടുത്ത ആയിരത്തോളം വിശ്വാസികൾ ശുഭ്രവസ്ത്രം ധരിച്ച് ജപമാലയും മരക്കുരിശുമേന്തി 28ന് ഉച്ചയ്ക്ക് ഒന്നരയ്ക്ക് മലകയറും. ആറരയ്ക്ക് സാംസ്കാരിക സദസ് മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യും. മന്ത്രി മാത്യു ടി. തോമസ് അദ്ധ്യക്ഷത വഹിക്കും. മന്ത്രി കെ.കെ. ശൈലജ മുഖ്യസന്ദേശം നൽകും.

30ന് വൈകിട്ട് ആറരയ്ക്ക് മതസൗഹാർദ്ദ സംഗമം പാർലമെന്റ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ കെ.വി. തോമസ് ഉദ്ഘാടനം ചെയ്യും. ഡെപ്യൂട്ടി സ്പീക്കർ വി. ശശി അദ്ധ്യക്ഷത വഹിക്കും. മന്ത്രി ജെ. മേഴ്സിക്കുട്ടിഅമ്മ മുഖ്യസന്ദേശം നൽകും. 31ന് വൈകിട്ട് ആറിന് വജ്രജൂബിലി സമ്മേളനം മാർ ജോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്യും. മന്ത്രി ജി. സുധാകരൻ അദ്ധ്യക്ഷത വഹിക്കും. കെ.പി.സി.സി മുൻ പ്രസിഡന്റ് വി.എം. സുധീരൻ മുഖ്യ സന്ദേശം നൽകും. തുടർന്ന് കാരുണ്യ സ്പർശം, സ്നേഹസാന്ത്വനം, മംഗല്യനിധി, ഉന്നത വിദ്യാഭ്യാസ സഹായ പദ്ധതി എന്നിവയുടെ ഉദ്ഘാടനം. രാത്രി എട്ടിന് ദിവ്യകാരുണ്യാശീർവാദവും പ്രദക്ഷിണവും.

ഏപ്രിൽ ഒന്നിന് രാവിലെ 10ന് തീർത്ഥാടന കേന്ദ്രത്തിലെ മുൻ വൈദികരുടെ കൃതജ്ഞതാബലിയർപ്പണം. വൈകിട്ട് നാലിന് മാർത്താണ്ഡം ബിഷപ് ഡോ. വിൻസന്റ് മാർ പൗലോസിന്റെ കാർമികത്വത്തിൽ ദിവ്യബലി. ആറിന് തീർത്ഥാടന പൊതുസമ്മേളനം തമിഴ്നാട് ടൂറിസം മന്ത്രി വെല്ലമണ്ടി എൻ. നടരാജൻ ഉദ്ഘാടനം ചെയ്യും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അദ്ധ്യക്ഷത വഹിക്കും. മന്ത്രി എ.കെ. ബാലൻ മുഖ്യസന്ദേശവും നെയ്യാറ്റിൻകര രൂപത വികാരി ജനറൽ മോൺ. ജി. ക്രിസ്തുദാസ് ആമുഖ സന്ദേശവും നൽകും.

ഫാ. സജൻ ആന്റണി (ജോയിന്റ് ജനറൽ കൺവീനർ), ഡീക്കൻ പ്രദീപ് ആന്റോ (സ്പിരിച്വൽ ആനിമേറ്റർ), മണലി സ്റ്റാൻലി (പ്രോഗ്രാം കമ്മിറ്റി കൺവീനർ), സാബു കുരിശുമല (ജനറൽ സെക്രട്ടറി), പി.ബി. പ്രദീപ് രാജ് (പബ്ലിസിറ്റി കൺവീനർ) തുടങ്ങിയവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

കഞ്ചാവ് വില്പനക്കാരനുൾപ്പെടെ 8 പേർ പിടിയിലായി

കിളിമാനൂർ: കഞ്ചാവ് വില്പന നടത്തിയ യുവാവ് ഉൾപ്പെടെ 8 പേരെ എക്സൈസ് നടത്തിയ റെയ്ഡിൽ പിടികൂടി. ബസ് സ്റ്റാൻഡ്, സ്കൂൾ പരിസരം എന്നിവ കേന്ദ്രീകരിച്ച് കഞ്ചാവ് വില്പന നടത്തിവന്ന നിലമേൽ ആഴാന്തകുഴി സിന്ധുഭവനിൽ ജിഷ്ണുവിനെ (23), പത്ത് പൊതി കഞ്ചാവുമായി കിളിമാനൂർ എക്സൈസ് ഇൻസ്പെക്ടർ ഡി.ആർ. സുനിൽകുമാർ അറസ്റ്റ് ചെയ്തു. കിളിമാനൂർ റേഞ്ച് പരിധിയിൽ നടത്തിയ റെയ്ഡിൽ മലയാമഠം ഭാഗത്ത് മദ്യവില്പന നടത്തിവന്ന ആറ്റൂർ സ്വദേശി ബേബിയെ (37) അഞ്ച് ലിറ്റർ വിദേശമദ്യവുമായി അറസ്റ്റ് ചെയ്തു. പൊതു സ്ഥലത്ത് മദ്യപിച്ച കുറ്റത്തിന് പായ്ച്ചിറ മുഹമ്മദ് അജാസ് (25), ചാരുപാറ സഞ്ജ (31), ചൂട്ടയിൽ ദിലീപ് കുമാർ (52), വയ്യാറ്റിൻകര സുശീലൻ (65), അടയമൺ അനൂപ് (32), മാത്തയിൽ മനോജ് (41) എന്നിവർക്കെതിരെ കേസെടുത്തു. റെയ്ഡിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരായ കെ. പത്മരാജൻ, എ. അബ്ദുൾ സലാം, പ്രിവന്റീവ് ഓഫീസർ കെ. വിജയൻ കാണി, സി.ഇ.ഒമാരായ അഷറഫ്, റോബിൻ, ഷിബുകുമാർ, ജയകുമാർ, ജസിൻ, അജിതകുമാരി എന്നിവർ പങ്കെടുത്തു.

പൊങ്കാല മഹോത്സവം

വർക്കല: ജനാർദ്ദനസ്വാമിയുടെ തിരുനാളായ മീനമാസത്തിലെ തിരുവോണം നാളിൽ നടത്തിവരാറുള്ള പൊങ്കാല മഹോത്സവം 24ന് രാവിലെ 8.30ന് ജനാർദ്ദനസ്വാമി ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുരനടയിൽ നടക്കുമെന്ന് പൊങ്കാലകമ്മിറ്റി ഭാരവാഹികൾ അറിയിച്ചു.

നിർഭയ ജാഗ്രതാ സമിതികൾ വിപുലീകരിക്കും

തിരുവനന്തപുരം: സ്ത്രീകൾക്ക് നിർഭയമനസുമായി സമൂഹത്തിൽ ജീവിക്കാൻ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ നിർഭയ ജാഗ്രതാ സമിതി വിപുലീകരിക്കുന്നു. പെൺകുട്ടികൾക്ക് സ്വയരക്ഷയ്ക്കായി സ്കൂൾ തലത്തിൽ നടന്നുകൊണ്ടിരിക്കുന്ന രക്ഷാപദ്ധതിയായ കരാട്ടെ പരിശീലനം കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കും.

ജാഗ്രതാ സമിതികളെയും സ്കൂളിലെ ജെ.പി.എച്ച്.എന്നുമാരെയും അദ്ധ്യാപകരെയും വിദ്യാർത്ഥിനികളെയും പങ്കെടുപ്പിച്ച് സമഗ്രമായ കൗൺസലിംഗ് പ്രവർത്തനങ്ങളാണ് ജില്ലാ പഞ്ചായത്ത് ലക്ഷ്യമിടുന്നതെന്ന് വൈസ് പ്രസിഡന്റ് ഷൈലജാബീഗം ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. വനിതാപഠന കേന്ദ്രം എന്ന പേരിൽ വിദ്യാർത്ഥിനികൾക്കും വനിതകൾക്കും താമസിച്ച് പഠിക്കാൻ പഠനകേന്ദ്രങ്ങൾ ആരംഭിക്കും. ഹൈസ്കൂൾ മുതൽ ഗവേഷണ വിദ്യാർത്ഥിനികൾക്കു വരെ ഈ സേവനം ലഭ്യമാക്കും. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലെ വനിതാ ജനപ്രതിനിധികൾക്ക് 'കില' പോലുള്ള മാതൃകാ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും പഠനകേന്ദ്രങ്ങൾ പ്രയോജനപ്പെടുത്തുമെന്ന് വൈസ് പ്രസിഡന്റ് അറിയിച്ചു.

കുടുംബ ബന്ധങ്ങളിലെ അപചയമാണ് സാമൂഹിക വിപത്തിനു കാരണം: പ്രീതി നടേശൻ

കല്ലമ്പലം: അണുകുടുംബങ്ങളിലെ പരസ്പര ബന്ധങ്ങളിൽ ഉണ്ടാകുന്ന അപചയമാണ് ഇന്ന് കേരളം നേരിടുന്ന സാമൂഹിക വിപത്തിനു കാരണമെന്ന് എസ്.എൻ.ഡി.പി യോഗം ലൈഫ്മെമ്പർ പ്രീതി നടേശൻ അഭിപ്രായപ്പെട്ടു. ഗുരുദേവ ആദർശങ്ങളിൽ അടിയുറച്ചു പ്രവർത്തിക്കുന്ന ഒരു സമൂഹത്തിനു മാത്രമേ ആധുനിക കേരളത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിയൂ. ഇന്ന് കേരളത്തിൽ ആദ്ധ്യാത്മികമായ അടിത്തറ ഇല്ലാത്ത യുവതലമുറ വളർന്നുവരുന്നു. ഇതിന് പരിഹാരമായി എസ്.എൻ.ഡി.പി യോഗം നടപ്പാക്കിവരുന്ന ബാല ജനയോഗവും കുമാരി സംഘവും ജാതി ഭേദമന്യേ മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന സമൂഹത്തെ സൃഷ്ടിച്ച് ഭാവി തലമുറയെ കരുത്തുറ്റവരാക്കുമെന്ന് അവർ പറഞ്ഞു. പൈതൃകമായി സാംസ്കാരികവും ആദ്ധ്യാത്മികവുമായ അനുഭവ സമ്പത്തുള്ള കേരളീയ ജനതയ്ക്കു ഇന്ന് അത് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ലെന്നും പ്രീതി നടേശൻ പഞ്ഞു. ശിവഗിരി എസ്.എൻ.ഡി.പി യൂണിയന്റെ കീഴിൽ പുതുശേരിമുക്കിൽ പുതുതായി ആരംഭിച്ച ശാഖ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രീതി നടേശൻ. കല്ലമ്പലം നകുലൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സ്വാമി വിശാലാനന്ദ അനുഗ്രഹപ്രഭാഷണം നടത്തി. ശിവഗിരി യൂണിയൻ സെക്രട്ടറി അജി എസ്.ആർ.എം, യോഗം ഡയറക്ടർ വിജയലാൽ നെട്ടങ്കണ്ടം, എം. രാധാബാബു, വി. ശശിധരൻ, കമലാസനൻ, രാജീവ്, ബൈജു, രാജനു പനയറ, അനൂപ് വെണ്ണികോട്, കലേശൻ തുടങ്ങിയവർ സംസാരിച്ചു. വൈകിട്ട് അഞ്ചുമണിക്ക് കല്ലമ്പലം ജംഗ്ഷനിൽ നിന്നാരംഭിച്ച വർണാഭമായ ഘോഷയാത്ര പുതുശേരിമുക്കിൽ എത്തിയതോടെയാണ് യോഗനടപടികൾ ആരംഭിച്ചത്.

SNDP ശാഖ
ഉദ്ഘാടനം
പുതുശേരിമുക്കിൽ പുതുതായി ആരംഭിച്ച ശാഖയുടെ ഉദ്ഘാടനം എസ്.എൻ.ഡി.പി യോഗം ലൈഫ് മെമ്പർ പ്രീതി നടേശൻ നിർവഹിക്കുന്നു

ഭാരത് ധർമ്മ മഹിളാസേന ജില്ലാകമ്മിറ്റി രൂപീകരിച്ചു

തിരുവനന്തപുരം: ബി.ഡി.ജെ.എസ് തിരുവനന്തപുരം ജില്ലാകൗൺസിലിന്റെ ആഭിമുഖ്യത്തിൽ പാർട്ടിയുടെ വനിതാവിഭാഗമായ ഭാരത് ധർമ്മ മഹിളാസേന (ബി.ഡി.എം.എസ്)യുടെ തിരുവനന്തപുരം ജില്ലാകമ്മിറ്റി രൂപീകരണയോഗം ജില്ലാപ്രസിഡന്റ് ചൂഴാൽ നിർമ്മലന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാന വൈസ്പ്രസിഡന്റും വനിതാകോഡിനേറ്ററുമായ അഡ്വ. സംഗീതാ വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാരവാഹികളായ സോമശേഖരൻ നായർ, നെടുമങ്ങാട് രാജേഷ്, താന്നിമൂട് സുധീന്ദ്രൻ, ജില്ലാഭാരവാഹികളായ ചന്തവിള ചന്ദ്രൻ, കല്ലമ്പള്ളി സുജാത, ആലുവിള അജിത്ത് തുടങ്ങിയവർ സംസാരിച്ചു. ജില്ലാഭാരവാഹികളായി എം. ശ്രീകുമാരി (ചെയർപേഴ്സൺ), രാജലക്ഷ്മി ടി.എം., എസ്. വിജയകുമാരി (വൈസ്ചെയർപേഴ്സൺ), ഉഷാ ശിശുപാലൻ (കൺവീനർ), ഡി.എസ്. സന്ധ്യ, ലേഖാസന്തോഷ് (ജോയിന്റ് കൺവീനർമാർ), ഗീതാമധു (ട്രഷറർ), സീമാസതീഷ്, ഒ. ഉഷാകുമാരി, സ്മിതാദാസ്, പുഷ്പലത, പേട്ട ഉഷാകുമാരി (കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

ഭാരത് ധർമ്മ മഹിളാ സേന ജില്ലാ ഭാരവാഹികൾ ബി.ഡി.ജെ.എസ്. ജില്ലാ പ്രസിഡന്റ് ചൂഴാൽ നിർമ്മലനോടൊപ്പം.

ഇന്ന്

കാന്താരി കാമ്പസര, വെള്ളായണി: 360 ഡിഗ്രി ടീമും കാന്താരി ഇന്റർനാഷണലും യുണൈറ്റഡ് നേഷൻസ് യൂണിവേഴ്സിറ്റി റീജിയണൽ സെന്റർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 360 ഡിഗ്രി മോഡൽ യുണൈറ്റഡ് നേഷൻസ് തുടക്കം-10ന്.

തോന്നയ്ക്കൽ സായിഗ്രാമം: ക്ഷീരവകുപ്പിന്റെ വിവിധ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം: മന്ത്രിമാരായ എ.കെ. ബാലൻ, കെ. രാജു- 2.30ന്.

പ്രസ് ക്ലബ് ഫോർത്ത് എസ്റ്റേറ്റ് ഹാൾ: കേരള എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് പ്രസിദ്ധീകരിച്ച ഡോ. എം.എസ്. അബ്ദുൾഖാദറിന്റെ 'മുഹമ്മദ് ദി പ്രോഫറ്റ്' എന്ന പുസ്തകത്തിന്റെ പ്രകാശനം. മന്ത്രി കെ.ടി. ജലീൽ, ഡോ. ഡി. ബാബുപോൾ-4.30ന്.

ടാഗോർ തിയേറ്ററിൽ: ദേശീയ നാടകോത്സവത്തിൽ ബംഗാളി നാടകം സന്താപ്- 5.45ന്. തമിഴ് നാടകം- മിറുഗ വിധുസഗം- രാത്രി 8.15ന്.

മാസ്കറ്റ് ഹോട്ടൽ: യുവജന കമ്മിഷൻ ദേശീയ സെമിനാർ- രാവിലെ 9ന്, പരിസ്ഥിതി സെമിനാർ: കെ.എൻ. ബാലഗോപാൽ-11.30ന്, ദേശീയ സെമിനാർ: മന്ത്രി രവീന്ദ്രനാഥ്.

സത്യൻ സ്മാരകഹാൾ: രാജേശ്വരി ഫൗണ്ടേഷന്റെ പത്താം വാർഷികാഘോഷം. ഉദ്ഘാടനം: വി.എസ്. അച്യുതാനന്ദൻ- 5ന്.

കോട്ടയ്ക്കകം ലെവി ഹാളിൽ: ശ്രീപദ്മനാഭസ്വാമി ക്ഷേത്രം ചരിത്ര രേഖകളിലൂടെ എന്ന പുസ്തകത്തിന്റെ പ്രകാശനം: മൂലം തിരുനാൾ രാമവർമ്മ- 5.30ന്.

മരുതംകുഴി ഉദിയന്നൂർ ക്ഷേത്രം: രാവിലെ 10ന് കുങ്കുമാഭിഷേകം.

കിളിമാനൂർ തൃക്കേശവപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം: രാത്രി 8ന് നാടോടിതെയ്യം, കാക്കാരിശി നാടകം.

കരുംകുളം ഭദ്രകാളി ക്ഷേത്രം: മീനത്തുക്കമഹോത്സവം. രാത്രി 9ന് കളംകാവൽ.

സിനിമ

ന്യൂ (2323244) :: ■ screen 1 - അങ്കമാലി ഡയറീസ് (M - 11.15, 2.30, 6.15, 9.30) ■ screen 2 - എസ്ര (M - 11.15, 2.30, 6.15, 9.30) ■ screen 3 - KONG (E 2D - 11.30, 2.30, 6.30) ഒരു മെക്സിക്കൻ അപാരത (M - 9.30)
ശ്രീകുമാർ (2331222) :: മൊട്ട ശിവ കെട്ട ശിവ (T - 11.00) BRUCE LEE (T - 2.30, 6.15, 9.30)
ശ്രീ വിശാഖ് (2331222) :: ഒരു മെക്സിക്കൻ അപാരത (M - 11.15, 2.30, 6.15, 9.30)
ശ്രീപത്മനാഭ (2473999) :: അലമാര (M - 11.00, 2.30, 6.00, 9.30)
ദേവിപ്രിയ (2473999) :: C/o സൈറാബാനു (M - 11.00, 2.30, 6.00, 9.30)
അജന്ത (2472825) :: KUTTRAM 23 (T - 11.15, 2.15, 6.15, 9.15)
കൃപ (2471655) :: (no show)
സെൻട്രൽ (2462865) :: രാത്രി നേരത്ത് (T-4 shows)
കൈരളി (2332747) :: മുന്തിരിവള്ളികൾ തളിർക്കുമ്പോൾ (M - 11.15, 6.15, 9.30) എസ്ര (M - 2.30)
ശ്രീ (2332747) :: എബി (M - 11.15, 2.30) കുപ്പിവള (M - 6.30, 9.30)
നിള (2332747) :: ഒരു മലയാള കളർപടം (M - 11.30) നീമാത്രം സാക്ഷി (M - 2.30) ജോമോന്റെ സുവിശേഷങ്ങൾ (M - 6.15, 9.30)
ധന്യ (2476773) :: അങ്കമാലി ഡയറീസ് (M - 11.15, 2.30, 6.15, 9.30)
രമ്യ (2476773) :: KONG (3D English 11.15, 2.30, 6.15, 9.30)
ARIESPLEX SL CINEMA: (0471 4066660) :: ■ Audi 1 - LOGAN (E - 11.30) അങ്കമാലി ഡയറീസ് (M - 3.00, 6.45, 10.15) ■ Audi 2 - അങ്കമാലി ഡയറീസ് (M - 11.30) AA GAYA HERO (H - 3.00) C/o സൈറാബാനു (M - 6.30, 10.00) ■ Audi 3 - KUTTRAM 23 (T - 11.15) ധ്രുവങ്കൾ പതിനാറ് (T - 2.00) MECHINE (H - 4.15) അയാൾ ജീവിച്ചിരിപ്പുണ്ട് (M - 7.15) മുന്തിരിവള്ളികൾ തളിർക്കുമ്പോൾ (M - 10.00) ■ Audi 4 - ഒരു മെക്സിക്കൻ അപാരത (M - 11.30, 2.45, 6.30) എബി (M - 10.15) ■ Audi 5 - CING: SKULL ISLAND (E - 11.00, 7.30) BEAUTY AND THE BEAST (E - 1.45, 4.30) ഒരു മെക്സിക്കൻ അപാരത (M - 10.15) ■ Audi 6 - അലമാര (M - 11.00, 2.00, 7.15, 10.15) TRAPPED (H - 4.45)
കലാഭവൻ (2322314) :: C/o സൈറാബാനു (M - 11.15, 2.30, 6.15, 9.30)
കഴക്കൂട്ടം കൃഷ്ണ (2418144) :: എസ്ര (M - 11.15) അങ്കമാലി ഡയറീസ് (M - 2.30, 6.30, 9.30)
വെട്ടുറോഡ് ഹരിശ്രീ (0471 2755666) :: അലമാര (M - 11.00, 2.30, 6.15, 9.30)
കഠിനംകുളം ജി ട്രാക്സ് (2757771) :: ■ screen 1 C/o സൈറാബാനു (M - 11.15, 2.30, 6.15, 9.30) ■ screen 2 KUTTRAM 23 (T - 11.15, 2.30, 6.15, 9.30)
ആറ്റിങ്ങൽ ഡ്രീംസ് (628997) :: അലമാര (M - 11.30, 2.45, 6.15, 9.30)
ആറ്റിങ്ങൽ ഗംഗ (2629973) :: ഒരു മെക്സിക്കൻ അപാരത (M - 11.00, 2.15, 6.00, 9.15)
ആറ്റിങ്ങൽ യമുന (2629973) :: C/o സൈറാബാനു (M - 11.15, 2.15, 6.00, 9.15)
ആറ്റിങ്ങൽ കാവേരി (9287218284) :: അങ്കമാലി ഡയറീസ് (M - 11.00, 2.15, 6.00, 9.15)
ആറ്റിങ്ങൽ വൈശാഖ് (2622244) :: KUTTRAM 23 (T - 11.15, 2.30, 6.15, 9.30)
ആറ്റിങ്ങൽ തപസ്യ (3291113) :: No show
ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: മുന്തിരിവള്ളികൾ തളിർക്കുമ്പോൾ (M - 11.15, 3.00, 6.30, 9.45)
വർക്കല എസ്.ആർ (0470 2602339) :: No show
വർക്കല വിമല (2605700) :: അങ്കമാലി ഡയറി (M - 11.00, 3.00, 6.30, 9.45)
വർക്കല സ്റ്റാർ സിനിമ (2602344) :: ഒരു മെക്സിക്കൻ അപാരത (M - 11.30, 2.45, 6.15, 9.30)
ചിറയിൻകീഴ് സ്വാമിജി (9526752302) :: ജോമോന്റെ സുവിശേഷങ്ങൾ (M - 3.00, 6.30, 9.30)
നെടുമങ്ങാട് സൂര്യ (2802223) :: അങ്കമാലി ഡയറീസ് (M - 11.00, 2.30) ഒരു മെക്സിക്കൻ അപാരത (M - 6.15, 9.30)
നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: അലമാര (M - 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: C/o സൈറാബാനു (M - 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് റാണി :: KUTTRAM 23 (T - 11.00, 2.30, 6.15, 9.30)
പാറശ്ശാല പടന്താലുംമൂട് ഐ.എം.പി :: കൊടി (T - 11.00, 2.30, 6.30, 9.30)
പെരിങ്ങമ്മല അശ്വതി (2400394) :: ജോമോന്റെ സുവിശേഷങ്ങൾ (M - 2.30, 6.30, 9.30)
കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) :: ■ Audi 1 - C/o സൈറാബാനു (M - 11.00, 2.30, 6.15, 9.30)
കളിയിക്കാവിള ശ്രീസരസ്വതി (0471-2200073, 09747188040) :: ■ Audi 2 - അലമാര (M - 11.00, 2.30, 6.15, 9.30) ■ Audi 3 - അങ്കമാലി ഡയറീസ് (M - 11.00, 2.30, 6.15, 9.30) ■ Audi 4 - ഒരു മെക്സിക്കൻ അപാരത (M - 11.00, 2.30, 6.15, 9.30) ■ Audi 5 - പരീത് പണ്ടാരി (M - 11.00) KUTTRAM 23 (T - 2.30, 6.15, 9.30)
കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M - 2.30, 6.15) അച്ചം എൻപത് മടമൈയെട (T - 11.00, 9.15)
നെയ്യാറ്റിൻകര ശുഭ :: ജോമോന്റെ സുവിശേഷങ്ങൾ (M - 2.30, 6.30, 9.30)
പോത്തൻകോട് എം.ടി (2419515) :: No show
വെഞ്ഞാറമൂട് സിന്ധു (9746159088) :: No show
കാട്ടാക്കട ജയവിനായക (2290867) :: No show
നെയ്യാറ്റിൻകര ശുഭ :: വീരം (T - 2.30, 6.30, 9.30)
കള്ളിക്കാട് ദീപ (9447553618) :: ഭൈരവ (T - 6.30, 9.30)
കാട്ടാക്കട ശ്രീമുരുക (9995952120) :: ജോമോന്റെ സുവിശേഷങ്ങൾ (M - 2.30, 6.15, 9.30)
കിളിമാനൂർ എസ്.എൻ :: എബി (M - 10.30, 2.30, 6.15, 9.00)
പനച്ചമൂട് യമുന ലക്ഷ്മി :: കെട്ടു (T - 11.30, 2.30, 6.30, 9.30)
പേയാട് എസ്.പി സിനിമ (0471-2289053, 9497641213) :: അലമാര (M - 11.00, 2.30, 6.15, 9.30)
കല്ലറ ARS (9526906021) :: ഭൈരവ (T - 2.30, 6.30)

സ്കൂൾ വാർഷികം

ആറ്റിങ്ങൽ: തോന്നയ്ക്കൽ മണലകം ഗവ.എൽ.പി.സ്കൂൾ വാർഷികം പോത്തൻകോട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീന മധു ഉദ്ഘാടനം ചെയ്തു.

പി.ടി.എ പ്രസിഡന്റ് വി.എൽ. ദിലീപ് അദ്ധ്യക്ഷത വഹിച്ചു. എൻഡോവ്മെന്റുകളുടെ വിതരണം പോത്തൻകോട് ഗ്രാമപഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി. ദിലീപ്കുമാർ നിർവഹിച്ചു. സ്കൂൾ മാഗസിൻ നിറവിന്റെ പ്രകാശനം പോത്തൻകോട് ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ നേതാജിപുരം അജിത്ത് നിർവഹിച്ചു. ബോധവത്കരണ ക്ലാസ് ഗിരീഷ്കുമാർ നയിച്ചു.

ചന്തവിളയിലെ കാർഡ് പുതുക്കൽ

തിരുവനന്തപുരം: ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചന്തവിള വാർഡിലെ കാർഡ് പുതുക്കൽ 23 മുതൽ 25 വരെ ചന്തവിള ഗവ.യു.പി എസിൽ നടക്കുമെന്ന് വാർഡ് കൗൺസിലർ എസ്. ബിന്ദു അറിയിച്ചു.